# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൂത്തേടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.5/1402/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 29/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂത്തേടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.5/1402/2022 തീയ്യതി: 29/06/2022

## മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-03-2022 മുതൽ 09-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 10-06-2022 | 18-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-06-2022 | 18-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.അബ്ദുൽ സത്താർ .സി.പി (ഓഡിറ്റ് ഓഫീസർ )
2.ശ്രീ.രാമകൃഷ്ണൻ.ടി (സീനിയർ ഗ്രേഡ് ഓഡിറ്റർ )
3.ശ്രീ. അമീൻ ഫൈസൽ.ടി.ടി (സീനിയർ ഗ്രേഡ് ഓഡിറ്റർ )
4.ശ്രീ.റഷീദ്.വി (സീനിയർ ഗ്രേഡ് ഓഡിറ്റർ )
5.ശ്രീമതി. സുജാത.എം (ഓഡിറ്റർ )

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഡി.നൗഷാദലി | സെക്രട്ടറി | 01-04-2020 | 15-02-2021 |
| ശ്രീ.എസ്.അജയൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-02-2021 | 23-02-2021 |
| ശ്രീ.രാരാരാജ്.ആർ | സെക്രട്ടറി | 24-02-2021 | 31-03-2021 |
| ശ്രീമതി.സി.ടി.രാധാമണി | പ്രസിഡന്റ് | 01-04-2020 | 07-11-2020 |
| കാര്യനിർവ്വഹണ സമിതി | പ്രസിഡന്റ് | 08-11-2020 | 29-12-2020 |
| ശ്രീ.പി.ഉസ്മാൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബുരാജ്.എസ് | അസി. സെക്രട്ടറി | 01-04-2020 | 12-06-2020 |
| ഒഴിവ് | അസി. സെക്രട്ടറി | 13-06-2020 | 14-06-2020 |
| ശ്രീ.ടോമി ജോസഫ് | അസി. സെക്രട്ടറി | 15-06-2020 | 05-10-2020 |
| ഒഴിവ് | അസി. സെക്രട്ടറി | 06-10-2020 | 09-11-2020 |
| ശ്രീ.എസ്.അജയൻ | അസി. സെക്രട്ടറി | 10-11-2020 | 31-03-2021 |
| ശ്രീ.റാസിഫ് എം | അസി. എഞ്ചിനീയർ | 01-04-2020 | 10-02-2021 |
| ശ്രീ.പ്രവീൺ | അസി. എഞ്ചിനീയർ | 11-02-2021 | 31-03-2021 |
| ശ്രീ.മനോജ്.കെ | വി ഇ ഒ | 01-04-2020 | 31-03-2021 |
| ഡോ.റസീന.ടി.പി | മെഡിക്കൽ ഓഫീസർ ( PHC) | 01-04-2020 | 29-01-2021 |
| ഡോ.നാഫിയ.കെ | മെഡിക്കൽ ഓഫീസർ ( PHC) | 30-01-2021 | 31-03-2021 |
| ഡോ.പി.അബ്ദുൾ റസാക്ക് | മെഡിക്കൽ ഓഫീസർ ( GAD) | 01-04-2020 | 31-03-2021 |
| ഡോ.സജി തോമസ് തോപ്പിൽ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.ശാന്തകുമാരി.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.രേഷ്മ.ടി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.റീന അഗസ്റ്റിൻ | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |

--

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 16-06-2022)<br>Last Updated By: Abdul Sathar C.P (Audit Officer, On 18-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sujatha M (Auditor, On 16-06-2022)<br>Last Updated By: Sujatha M (Auditor, On 17-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sujatha M (Auditor, On 17-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sujatha M (Auditor, On 17-06-2022)<br>Last Updated By: Sujatha M (Auditor, On 17-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sujatha M (Auditor, On 17-06-2022)<br>Last Updated By: Sujatha M (Auditor, On 17-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sujatha M (Auditor, On 17-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Sujatha M (Auditor, On 17-06-2022)<br>Last Updated By: Sujatha M (Auditor, On 17-06-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sujatha M (Auditor, On 17-06-2022)<br>Last Updated By: Sujatha M (Auditor, On 17-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Ramakrishnan.T (Senior Grade Auditor, On 18-06-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 18-06-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sujatha M (Auditor, On 17-06-2022)<br>Last Updated By: Sujatha M (Auditor, On 17-06-2022) | 1-10 |
| 11 | വാർഷികകണക്ക് പരിശോധന – അപാകതകൾ.<br>Written By: Ramakrishnan.T (Senior Grade Auditor, On 18-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-11 |
| 12 | ഓഡിറ്റ് പരാമർശം _ 30745/- രൂപ തിരിച്ചടവാക്കി.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 17-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-12 |
| 13 | കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയില്ല.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 17-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-13 |
| 14 | പുതുവായ് കാട്ടില്ല റോഡ് പുനരുദ്ധാരണം (209/21)- തെറ്റായി മൂല്യ നിർണ്ണയം നടത്തി -4978/-രൂപയുടെ അധിക ചെലവ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 17-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-14 |
| 15 | പ്രീ കാസ്റ്റ് RCC ജനലുകൾക്ക് സ്റ്റീൽ റോഡ് ഇടുന്നതിന് തെറ്റായ നിരക്ക് അനുവദിച്ചു - അധിക ചെലവ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 17-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-15 |
| 16 | കൺവീനർക്ക് അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി- | 1-16 |

| | | |
|---|---|---|
| | 34683/-രൂപയുടെ അധിക ചെലവ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 17-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | |
| 17 | അസി. എൻജിനീയർ-ഫയൽ സൂക്ഷിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 17-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-17 |
| 18 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-സംബന്ധിച്ച്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 17-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-18 |
| 19 | ലൈഫ് ഭവന നിർമ്മാണം - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Rasheed V (Senior Grade Auditor, On 17-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-19 |
| 20 | പന്നി, പട്ടി എന്നിവയെ വളർത്തുന്നതിനുള്ള ലൈസൻസ് - അപാകതകൾ<br>Written By: Sujatha M (Auditor, On 17-06-2022)<br>Last Updated By: Sujatha M (Auditor, On 17-06-2022) | 1-20 |
| 21 | ഐ.സി.ഡി.എസ്-സ്റ്റോക്ക് രജിസ്റ്റർ , വിതരണ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.<br>Written By: Sujatha M (Auditor, On 17-06-2022)<br>Last Updated By: Sujatha M (Auditor, On 17-06-2022) | 1-21 |
| 22 | മുൻകൂർ ക്രമീകരിച്ചില്ല<br>Written By: Ramakrishnan.T (Senior Grade Auditor, On 18-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-22 |
| 23 | `പകൽ വീട്`ഒഴിഞ്ഞു കിടക്കുന്നു.<br>Written By: Ramakrishnan.T (Senior Grade Auditor, On 18-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-23 |
| 24 | വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Ramakrishnan.T (Senior Grade Auditor, On 18-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പുതുവായ് കാട്ടില്ല റോഡ് പുനരുദ്ധാരണം (209/21)- തെറ്റായി മൂല്യ നിർണ്ണയം നടത്തി- 4978/-രൂപയുടെ അധിക ചെലവ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 18-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 3-1 |
| 2 | കൺവീനർക്ക് അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി- 34683/-രൂപയുടെ അധിക ചെലവ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 18-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Sujatha M (Auditor, On 16-06-2022)<br>Last Updated By: Sujatha M (Auditor, On 16-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Sujatha M (Auditor, On 16-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Sujatha M (Auditor, On 16-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Sujatha M (Auditor, On 16-06-2022) | 4-4 |

| | | |
|---|---|---|
| | Last Updated By: Sujatha M (Auditor, On 16-06-2022) | |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Sujatha M (Auditor, On 16-06-2022)<br>Last Updated By: Sujatha M (Auditor, On 16-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Sujatha M (Auditor, On 16-06-2022)<br>Last Updated By: Sujatha M (Auditor, On 16-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Sujatha M (Auditor, On 16-06-2022)<br>Last Updated By: Sujatha M (Auditor, On 16-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sujatha M (Auditor, On 16-06-2022)<br>Last Updated By: Sujatha M (Auditor, On 16-06-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Sujatha M (Auditor, On 16-06-2022)<br>Last Updated By: Sujatha M (Auditor, On 16-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Sujatha M (Auditor, On 16-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.<br>Written By: Sujatha M (Auditor, On 16-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1 (1)/10-03-2020 | 1 (1)/30-03-2021 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.07.2021 | 10.06.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 97,21,723 |
| വരവ് | 96454936 |
| ആകെ | 106176659.50 |
| ചെലവ് | 89934286 |
| നീക്കിയിരിപ്പ് | 1,62,42,373.50 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 16615741 | 16615741 | 14475612 | 2140129 |
| വികസനഫണ്ട് (എസ്.സി.പി) | 00 | 5942671 | 5942671 | 4947704 | 994967 |
| വികസനഫണ്ട് (ടി.എസ്.പി) | 00 | 1520491 | 1520491 | 997025 | 523466 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 00 | 15480000 | 15480000 | 14958901 | 521099 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 00 | 5547319 | 5547319 | 5267181 | 280138 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied | 0 | 15491138 | 15491138 | 13595046 | 1896092 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Untied | 0 | 7880000 | 7880000 | 2941343 | 4938657 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2020-21 | 278 | 188719213 | 214 | 81017223 | 0 | 64 | 77 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 334520 | 1191040 | 1525560 | 832323 | 693237 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 31112700 | 31112700 | 31112700 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 12020000 | 533 |
| വിധവാപെൻഷൻ | 24509800 | 981 |
| വാർദ്ധക്യകാലപെൻഷൻ | 26891600 | 1289 |
| വികലാംഗപെൻഷൻ | 9070700 | 414 |
| വിവാഹ ധനസഹായം | 270000 | 9 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 454900 | 19 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.06.2022 ന് 10.30 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2489/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.

2. ജി ഒ (പി )നം.177/2006/ ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്റ്റ് രജിസ്റ്റർ സബ്സിഡയറി രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആയത് വെറ്റിനറി സർജൻ, അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ് മാസ്റ്റർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പാലിക്കുന്നില്ല.

3.ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്റ്റുകളും തയ്യാറാക്കിയതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ പദ്ധതി രൂപീകരണത്തിന് മുൻപ് ഒരു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പേരിൽ മാത്രമാണ്. 2020-21 വർഷത്തെ കൃഷി ഓഫീസർ, വെറ്റിനറി സർജൻ, അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ് മാസ്റ്റർ, ഐസിഡിഎസ് സൂപ്പർവൈസർ എന്നിവരുടെ പ്രോജക്റ്റ് ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.02.2022 | 01.01.2022 മുതൽ 31.01.2022 വരെ | 11.02.2022 |
| എ.ജി ഓഡിറ്റ് | 03.01.2011 മുതൽ 14.01.2011 വരെ | 2004-05 മുതൽ 2009-10 വരെ | 14.02.2011 |

## 1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ.

മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). ഗ്രാമപഞ്ചായത്തിൽ ILGMS ൽ PDE (Past Data Entry ) ചെയ്ത ഫയൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ സാംഖ്യയിലെയും ILGMS ആരംഭിച്ച സമയത്തെ ILGMS ലെയും വിവരങ്ങൾ പൂർണ്ണമായി പരിശോധിച്ച് കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2). നിർമ്മൽ പുരസ്കാർ തുക 35,324 രൂപ ILGMS ലേക്ക് അക്കൗണ്ട് ചെയ്തിട്ടില്ല.

3). ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4). വസ്തു നികുതി - താഴെ പറയും പ്രകാരം തുക വ്യത്യാസം

| വാർഷികകണക്ക് പ്രകാരം ഡിമാൻറ് തുക | സഞ്ജയ സോഫ്റ്റവെയർ പ്രകാരം തുക |
|---|---|
| ഡിമാന്റ്<br>റസിഡൻഷ്യൽ - 18,52,892<br>നോൺ റസിഡൻഷ്യൽ - 10,14,143 | ഡിമാന്റ്<br>റസിഡൻഷ്യൽ - 19,47,941<br>നോൺ റസിഡൻഷ്യൽ - 10,65,405 |
| കളക്ഷൻ (അഡ്വാൻസ് തുക ഉൾപ്പെടെ)<br>റസിഡൻഷ്യൽ -17,31,476<br>നോൺ റസിഡൻഷ്യൽ - 7,66,265 | കളക്ഷൻ<br>റസിഡൻഷ്യൽ - 16,00,577<br>നോൺ റസിഡൻഷ്യൽ - 7,90,683 |
| ബാലൻസ്<br>റസിഡൻഷ്യൽ - 4,37,960<br>നോൺ റസിഡൻഷ്യൽ - 3,27,790 | ബാലൻസ്<br>റസിഡൻഷ്യൽ - 3,55,200<br>നോൺ റസിഡൻഷ്യൽ - 2,65,452 |

തുക വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

5). എ സി ആറിൽ ശരിയായി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടിയില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 4 രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

6). ഷെഡ്യൂൾ B- 5പ്രകാരം ലോൺ ഇനത്തിൽ ബാധ്യത തുക 4,04,35,882 രൂപയാണ്. എന്നാൽ ആയത് ലോൺ രജിസ്റ്റർ പ്രകാരം 3,59,46,667 രൂപയാണ് .

7). ഷെഡ്യൂൾ B- 7പ്രകാരം, ഇലക്ഷൻ ഡെപ്പോസിറ്റ് - 76,000 രൂപ , Other Deposits Revenue – 4500. എന്നാൽ വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ ലഭ്യമല്ല. കൂടാതെ, Other Deposits രജിസ്റ്റർ പ്രകാരം 50,603 രൂപ ,എ എഫ് എസ് പ്രകാരം 46,103 രൂപ

8). ഷെഡ്യൂൾ B- 18പ്രകാരം, Advance To Others – 62,560 ,Advance To Suppliers – 98,773, Advance To Grama Lakshmi Mudralayam – 2943 എന്നിവ അഡ്വാൻസ് രജിസ്റ്ററിൽ ഇല്ല. Advance To Implementing Officers രജിസ്റ്ററിൽ -27,823 , ആയത് എ എഫ് എസിൽ -5,21,723രൂപ , Advance To NREGA എ എഫ് എസിൽ 12,32,978, ആയത് രജിസ്റ്റർ പ്രകാരം 6,86,057 രൂപ.

9). ബിൽഡിംഗ് പെർമിറ്റ് റെഗുലറൈസേഷൻ ഫീസ് രജിസ്റ്റർ പ്രകാരം 1,11,986, ആയത് എ എഫ് എസ് പ്രകാരം 1,10,568. വ്യത്യാസം 1418 രൂപ.

10). MGNREGS മൊത്തം ചെലവ് തുക 3,19,45,023 രൂപ , എന്നാൽ വാർഷികകണക്കിൽ ആയത് 8,39,503 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

11). ക്ഷേമ പെൻഷൻ തുക സേവന സേഫ്റ്റ്വെയർ പ്രകാരവും വാർഷികകണക്ക് പ്രകാരവും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം. | ഇനം | വാർഷികകണക്ക് പ്രകാരം തുക | സേവന സേഫ്റ്റ്വെയർ പ്രകാരം തുക | വ്യത്യാസം |
|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 82,22,400 | 1,20,20,000 | 37,97,600 |

| | | | | |
|---|---|---|---|---|
| 2 | വാർദ്ധക്യകാല പെൻഷൻ | 1,79,78,200 | 2,68,91,600 | 89,13,400 |
| 3 | വിധവ പെൻഷൻ | 1,65,68,100 | 2,45,09,800 | 79,41,700 |
| 4 | വികലാംഗ പെൻഷൻ | 61,24,800 | 90,70,700 | 29,45,900 |
| 5 | അവിവാഹിത പെൻഷൻ | 3,04,900 | 4,54,900 | 1,50,000 |

12). RP-40(b) പ്രകാരം സബ് ട്രഷറി, എടക്കര (A/c. No: 799013000000615) തുക 8,54,145/- രൂപയാണ്. ആയത് റീകൺസിലിയേഷൻ പത്രിക പ്രകാരം 5,21,629/- രൂപയാണ്.എസ് ബി ഐ (A/c. No:67056135719) തുക RP-40(b) പ്രകാരം 58,21,824 രൂപയാണ് .ആയത് റീകൺസിലിയേഷൻ പത്രിക പ്രകാരം 51,41,824- രൂപയാണ്.

13) ലേലം - 10,650 രൂപ, Recovery From Employees-others - 86,480 രൂപ , മറ്റിനങ്ങളിലെ വരവ് - 7985 രൂപ എന്നീ വാർഷികണക്കിൽ രേഖപ്പെടുത്തിയ വരവിനങ്ങളുടെ ആധികാരികത രേഖകളുടെ അഭാവത്തിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം .15/2020-21/18.06.2022 )

## 1-12 ഓഡിറ്റ് പരാമർശം _ 30745/- രൂപ തിരിച്ചടവാക്കി.

ചുവടെ ചേർത്തിട്ടുളള പ്രവൃത്തികളിൽ കരാറുകാരന്/ കൺവീനർക്ക് ക്രമ വിരുദ്ധമായി അധിക തുക നൽകിയിട്ടുണ്ടെന്ന ഓഡിറ്റ് പരാമർശത്തെ തുടർന്ന് 30745/- രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വിവരണം | തിരിച്ചടച്ച തുക/ രസീതി |
|---|---|---|
| 1 | പൂളക്കപ്പാറ ഉച്ചക്കുളം എസ്. ടി കോളനികളിൽ കമ്യൂണിറ്റി ടോയിലറ്റ് (262/21)- എന്ന പ്രൊജക്ടിൽ മലപ്പുറം ജില്ലക്ക് ബാധകമായ കോസ്റ്റ് ഇൻഡക്സ് [Cost Index] ആയ 31.06% ന് പകരം തിരുവനന്തപുരം ജില്ലക്ക് ബാധകമായ 37.93% കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതും, മൂല്യ നിർണ്ണയും നടത്തി കരാറുകാരന് തുക അനുവദിച്ച നൽകുകയും ചെയ്തിട്ടുള്ളത്. തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് [Cost Index] അനുവദിച്ച് മൂല്യ നിർണ്ണയം നടത്തിയത് മൂലം 23966/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. [ഓഡിറ്റ് എൻക്വയറി നമ്പർ 1/15.06.2022] | 23963/-<br>1220100523/<br>15.06.2022 |
| 2 | കാരപ്പുറം അംഗണവാടി ചുറ്റുമതിൽ പൂർത്തീകരണം (194/21) എന്ന പ്രൊജക്ടിൽ കൺവീനർക്ക് ലാഭവിഹിതം നൽകി_ 6781/- രൂപയുടെ അധിക ചെലവ്. [ഓഡിറ്റ് എൻക്വയറി നമ്പർ 5/17.06.2022] | 6782/-<br>1220100539/<br>17.06.2022 |
| ആകെ | | 30745/- |

മേൽ തുക ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതാണ്.

## 1-13 കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയില്ല.

കേരള പൊതു മരാമത്ത് മാന്വലിൽ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കരാറുകാർ, കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന സാഹചര്യത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

എന്നാൽ കരാറുകാരന്റെ വീഴ്ച്ച മൂലം [പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടില്ല]

കാരാർ കാലയളവിൽ പൂർത്തീകരിക്കാത്ത ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയിൽ പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട്: വിവിധ അങ്കണവാടികളുടെ പുനരുദ്ധാരണം(264/21) | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
| Agr.No: 78/AE/2018-19/30.04.2018 | 78999/- |
| TS: LSGD/TS/2018-19/97859 | [Ie, 01.01.19 To 31.03.19 (1%PAC)= 12445 |
| M.Book No: 64/18-19, 62/19-20 | |
| PAC: 1244476/- | 01.04.19 To 30.06.19 (2%PAC) = 24890 |
| Vr.No: 37/20-21/20.04.2020 | |
| സൈറ്റ് കൈമാറിയത്: 30.04.2018 | 01.07.19 To 30.09.19 (2%PAC) = 24890 |
| പൂർത്തീകരിക്കേണ്ട തിയ്യതി: 31.12.18 | |
| പൂർത്തീകരിച്ച തിയ്യതി: 02.12.2019 | 01.10.19 To 02.12.19 (2%PAC) = 16774] |
| കരാറുകാരൻ: വാസു എം | |

പിഴ ഈടാക്കാതെ കരാറുകാർക്ക് ഫൈനൽ ബിൽ അനുവദിച്ച് നൽകിയത് ക്രമ പ്രകാരമല്ല. കൂടാതെ മേൽ പ്രവൃത്തികൾ കരാർ പ്രകാരം കൊറോണ മൂലമുള്ള ലോക് ഡൌണിന് മുൻപ് പൂർത്തീകരിക്കേണ്ടതിനാൽ GO(Ms)No. 1444/2021 /LSGD/Dated 31/07/2021 ഉത്തരവ് പ്രകാരമുള്ള ഇളവിനോ, 2019 ഓഗസ്റ്റിന് മുമ്പ് പൂർത്തീകരിക്കേണ്ടതിനാൽ ആയത് മൂലമുള്ള പരിഗണനകൾക്കോ അർഹമല്ല. ആയതിനാൽ തുക ഉത്തരവാദിയായ വ്യക്തികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറി നമ്പർ 4/17.06.2022- മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-14 പുതുവായ് കാട്ടില്ല റോഡ് പുനരുദ്ധാരണം (209/21)- തെറ്റായി മൂല്യ നിർണ്ണയം നടത്തി -4978/-രൂപയുടെ അധിക ചെലവ്.

എസ്റ്റിമേറ്റ് പ്രകാരം 0.80mm കനത്തിലുള്ള Concrete Block Pavements ഉപയോഗിച്ച് റോഡ് ഇന്റർലോക്ക് ചെയ്യേണ്ട പ്രവൃത്തി 0.80mm -ന് പകരം 0.60mm കനത്തിലുള്ള Concrete Block Pavements ഉപയോഗിച്ചാണ് ചെയ്തിട്ടുള്ളത്. കൂടാതെ M Book -ൽ 0.80mm ഉപയോഗിച്ച് പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തി കരാറുകാരന് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റിന്റെ ഭാഗമായി പ്രവൃത്തിയുടെ സൈറ്റ് 15.06.2022/11 Am-ന് എൻജിനീയറിംഗ് വിഭാഗത്തിന്റെ സാന്നിധ്യത്തിൽ സംയുക്ത പരിശോധന നടത്തി. പരിശോധനയിൽ 0.80mm -ന് പകരം 0.60mm കനത്തിലുള്ള Concrete Block Pavements ഉപയോഗിച്ചാണ് റോഡ് ഇന്റർലോക്ക് ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെടുകയും, ആയത് എൻജിനീയറിംഗ് വിഭാഗം സാക്ഷ്യപ്പെടുത്തി നൽകുകയും ചെയ്തിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് | പുതുവായ് കാട്ടില്ല റോഡ് പുനരുദ്ധാരണം (209/21) |
| അടങ്കൽ/ ചെലവ് | 356579/352026 |
| ടി എസ് | LSGD/TS/23063/ 2019-20/11.02.2020 Revisded Estimate (CI 31.06%) |
| കരാർ | 28/AE/2019-20/11.10.2019 (Below 20.33%) |
| എം ബുക്ക് | 93/2019-20 |
| കരാറുകാരൻ | Ali P |
| വൗച്ചർ | 54/2020-21/24.08.2020 |
| നൽകിയ തുക [ 0.80mm- കനത്തിലുള്ള Concrete Block Pavements (6.7.1 @ 775.39 പ്രകാരം)] | 42205/- [Ie 68.32 $M^2$* 775.39 (-20.33% TB)] |
| നൽകാവുന്ന തുക [0.0mm- കനത്തിലുള്ള Concrete Block Pavements (6.7.2 @ 693.73 പ്രകാരം)] | 37760/- [Ie 68.32 $M^2$* 693.73 (-20.33% TB)] |

| | |
|---|---|
| കരാറുകാരന് അധികം നൽകിയ തുക | 4978/- [le 4445 + 12% GST] |

കരാറുകാരന് അധികമായി നൽകിയ 4978/- രൂപ ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറി നമ്പർ 3/15.06.2022- മറുപടി ലഭ്യമാക്കിയിട്ടില്ല- ഖണ്ഡിക 3-1 കൂടി കാണുക]

## 1-15 പ്രീ കാസ്റ്റ് RCC ജനലുകൾക്ക് സ്റ്റീൽ റോഡ് ഇടുന്നതിന് തെറ്റായ നിരക്ക് അനുവദിച്ചു - അധിക ചെലവ്.

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയിൽ പ്രീ കാസ്റ്റ് RCC ജനലുകൾക്ക് കമ്പിയും പട്ടയും (Window Rod And Flat) ചെയ്യുന്നതിന് DSR Code 10.25.2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. പ്രസ്തുത നിരക്ക് Gates, Ladder, കിണർ നെറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾക്കുള്ളതാണ്. പ്രീ കാസ്റ്റ് RCC ജനലുകൾക്ക് കമ്പിയും പട്ടയും (Window Rod And Flat) ചെയ്യുന്നതിന് വെൽഡിംഗ്,ഫിക്സിംഗ് പ്രവൃത്തികൾ ആവശ്യമില്ലാത്തതിനാൽ DSR ഇനം 14.29 പ്രകാരമുള്ള നിരക്കാണ് അനുവദിനീയമായിട്ടുള്ളത്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ തെറ്റായ നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയത് മൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് | BRC കെട്ടിട നിർമ്മാണം (148/21) |
| അടങ്കൽ/ ചെലവ് | 1890721/1451689[CFC-part] |
| ടി എസ് | LSGD/TS/2019-20/79588/18.08.2020(Revised Estimate) (CI 31.06%) |
| കരാർ | 70/AE/2019-20/30.11.2019 (Below 22.1%) |
| എം ബുക്ക് | 59/2019-20 |
| കരാറുകാരൻ | Vasu M |
| വൗച്ചർ | 81/2020-21/22.09.2020 |
| നൽകിയ തുക ( 10.25.2 @ 112.65 പ്രകാരം) | 15698/- [le 178.89 Kg * 87.75 (-22.1TB)] |
| നൽകാവുന്ന തുക (14.29 @ 80.99പ്രകാരം) | 11288/- [le 178.89 Kg * 63.10 (-22.1TB)] |
| കരാറുകാരന് അധികം നൽകിയ തുക | 4939/- [Including 12% GST] |

കരാറുകാരന് അധികമായി നൽകിയ 4939/- രൂപ ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറി നമ്പർ 2/15.06.2022- മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-16 കൺവീനർക്ക് അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി- 34683/-രൂപയുടെ അധിക ചെലവ്.

ഉണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളില്, GST നിലവിൽ വന്നശേഷം വാറ്റ് ഒടുക്കേണ്ടതില്ലാത്തതിനാൽ ബിൽ തുക നൽകുമ്പോൾ എസ്റ്റിമേറ്റില് ഓവർഹെഡ് ചാർജ്ജ് ഇനത്തിൽ ഉൾപ്പെടുത്തിയ 7.5 ശതമാനത്തിൽ നിന്നും 5% തുക കുറവ് ചെയ്യേണ്ടതാണ് എന്ന് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ 16.03.2018 തിയ്യതിയിലെ ഡി.ബി3-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ജി.എസ്.ടി അടവാക്കുന്നതിനുള്ള 12% തുക മൂല്യ നിർണ്ണയതുകയോട് കൂട്ടി നൽകുകയും (GST Compensation) ചെയ്യിട്ടുണ്ട്. ആയതിനാൽ ഓവർഹെഡ് ചാർജ്ജിൽ നിന്നും 5% കുറവ് ചെയ്താണ് ബിൽ നൽകേണ്ടിയിരുന്നത്. ആയത് കുറവ് വരുത്താതെ ക്രമ വിരുദ്ധമായി ബിൽ തുക അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം 34683/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

1. പ്രൊജക്ട്: കാരപ്പുറം അംഗണവാടി ചുറ്റുമതിൽ പൂർത്തീകരണം (194/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 662000/653113 [NR] |
| ടി എസ് | LSGD/TS/2019-20/97639 (CI 31.06%) |
| കരാർ | 103/AE/LSGD/MTDM/2019-20/12.03.2020 |
| എം ബുക്ക് | 116/19-20 |

| | |
|---|---|
| കൺവീനർ | Pathumma |
| വൗച്ചർ | 84/20-21/03.09.2020 |
| അധിക ചെലവിന്റെ വിവരം | |
| നൽകിയ തുക [Extra ഇനത്തിന് നൽകിയ 15%-ൽ നിന്നും 7.5% കുറവ് ചെയ്ത്] | 646331/- |
| നൽകാവുന്ന തുക [5% കുറവ് ചെയ്ത്] | 616269/- [Ie, 646331*5/107.5] |
| അധികം | 30062/- |

അധികം നൽകിയ തുക ഉത്തരവാദിയായ വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്.

2. പ്രൊജക്ട്: ചോളമുണ്ട അംഗണവാടി ചുറ്റുമതിൽ പൂർത്തീകരണവും അനുബന്ധ പ്രവൃത്തികളും (228/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 100000/99345 [NR] |
| ടി എസ് | LSGD/TS/2019-20/97653 (CI 31.06%) |
| കരാർ | 83/AE/LSGD/MTDM/2019-20/15.02.2020 |
| എം ബുക്ക് | 110/19-20 |
| കൺവീനർ | Fathima |
| വൗച്ചർ | 02/20-21/07.04.2020 |
| അധിക ചെലവിന്റെ വിവരം | |
| നൽകിയ തുക | 99345/- |
| നൽകാവുന്ന തുക [5% കുറവ് ചെയ്ത്] | 94724/- [Ie, 99345*5/107.5] |
| അധികം | 4621/- |

അധികം നൽകിയ തുക ഉത്തരവാദിയായ വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറി നമ്പർ 6/17.06.2022- മറുപടി ലഭ്യമാക്കിയിട്ടില്ല- ഖണ്ഡിക 3-2 കൂടി കാണുക]

## 1-17 അസി. എൻജിനീയർ-ഫയൽ സൂക്ഷിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ രജിസ്റ്ററുകൾ തയ്യാറാക്കുന്നതിലും, ഫയലുകൾ സൂക്ഷിക്കുന്നതിലും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ക്യാഷ് ബുക്കിൽ വൗച്ചർ നമ്പർ രേഖപ്പെടുത്തേണ്ടതാണ്.
2. ക്യാഷ് ബുക്കിൽ വൗച്ചർ നമ്പർ ബന്ധപ്പെട്ട ചെലവിന്റെ ഫയലിന്മേൽ രേഖപ്പെടുത്തേണ്ടതാണ്.
3. പ്രൊജക്ടുകളുടെ പ്രിന്റ് എടുത്ത് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.
4. ഭൂരിഭാഗം ഫയലുകളിലും എസ്റ്റിമേറ്റ് ഉള്ളടക്കം ചെയ്തിട്ടില്ല. ആയത് പ്രിന്റ് എടുത്ത് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.
5. ഭൂരിഭാഗം ഫയലുകളിലും ഇ ടെണ്ടർ നടത്തിയതിന്റെ താരതമ്യ പത്രിക (ഇ ടെണ്ടർ ചെയ്തതിൽ) ഉള്ളടക്കം ചെയ്തിട്ടില്ല. ആയത് പ്രിന്റ് എടുത്ത് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.
6. കരാർ രജിസ്റ്ററിലെ മുഴുവൻ കോളങ്ങളും എഴുതി കൃത്യത ഉറപ്പാക്കേണ്ടതാണ്.
7. സൈറ്റ് കൈമാറിയതിന്റെ രേഖ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.
8. മോണിറ്ററി സമിതി റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

[കുറിപ്പ്: ഭൂരിഭാഗം ഫയലുകളിലും എസ്റ്റിമേറ്റ്, ഇ ടെണ്ടർ നടത്തിയതിന്റെ താരതമ്യ പത്രിക (ഇ ടെണ്ടർ ചെയ്തതിൽ) എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് സമയത്ത് ഏതാനും ചിലത് പ്രിന്റ് എടുത്ത് പരിശോധിക്കുകയാണ് ചെയ്തിട്ടുള്ളത്]

## 1-18 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-സംബന്ധിച്ച്.

അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണം, പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. പ്രവൃത്തികൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിയുന്നില്ല.

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 173 പ്രൊജക്ടുകളാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 135 പ്രൊജക്ടുകളാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 173 | ആകെ അടങ്കൽ | 54780073 |

| | | | |
|---|---|---|---|
| നടപ്പിലാക്കിയത് | 135 | ചെലവ് | 38856519 |
| ശതമാനം | 78% | ചെലവ് ശതമാനം | 71 % |

പ്രൊജക്റ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തത് മൂലം സാമ്പത്തിക വർഷത്തിൽ ഉൽപ്പാദന, സേവന, പശ്ചാത്തല മേഖലയിലെ അടിസ്ഥാന സൌകര്യങ്ങൾക്ക് ഉപയോഗിക്കേണ്ട ഫണ്ടുകൾ നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2. റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ റോഡ് കണക്റ്റിവിറ്റി മാപ്പ്, റോഡ് കണക്റ്റിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്തിന്റെ പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

മേൽ പരാമർശിച്ച വിഷയങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ലൈഫ് ഭവന നിർമ്മാണം - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് തുക നൽകിയിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | പേരും വിലാസവും. | അനുവദിച്ച തുക | ബിൽ നമ്പർ / തീയതി |
|---|---|---|---|
| 1 | റാബിയ, W/o. ഷിഹാബ്, പൊട്ടക്കണ്ടത്തിൽ ഹൌസ്, മരുതങ്ങാട് | 40,000/- | 08/2018-19 Dt. 31.07.2018 |
| | | 1,60,000/- | Ch.No.603830 Dt.13.02.2019 |
| | | 60,000/- | Ch.No.603837 Dt.04.05.2019 |
| | | 40,000/- | Ch.No.603839 Dt.15.06.2019 |
| | | 60,000/- | Ch.No.201361 Dt.17.01.2020 |
| 2 | ഫൌസിയ, W/o. അബ്ദുൾ കരീം, ചെറുമല ഹൌസ്, ചെട്ട്യാരങ്ങാടി, നമ്പൂരിപ്പൊട്ടി | 40,000/- | 10/2019-20 Dt. 29.10.2019 |
| | | 1,60,000/- | Ch.No.201362 Dt.06.02.2020 |
| | | 60,000/- | Ch.No.201368 Dt.19.05.2020 |
| | | 40,000/- | Ch.No.201372 Dt.12.06.2020 |
| | | 40,000/- | 13/2020-21 Dt.22.10.2020 |
| 3 | നിഷ, W/o. കൃഷ്ണൻകുട്ടി, മരടൻ ഹൌസ്, മൂത്തേടം.പി.ഒ. | 40,000/- | 08/2019-20 Dt. 21.10.2019 |
| | | 1,60,000/- | Ch.No.201366 |

| | | | |
|---|---|---|---|
| | | | Dt.12.03.2020 |
| | | 60,000/- | Ch.No.201374 Dt.28.02.2020 |
| | | 1,00,000/- | Ch.No.201382 Dt.30.11.2020 |
| 4 | മിനി, W/o. ദാസൻ, ചേക്കല ഹൌസ്, മൂത്തേടം | 40,000/- | 08/2019-20 Dt. 21.10.2019 |
| | | 80,000/- | Ch.No.201372 Dt.12.06.2020 |
| | | 1,40,000/- | Ch.No.201374 Dt.28.07.2020 |
| | | 1,00,000/- | Ch.No.201387 Dt.25.03.2021 |
| 5 | ജാനകി, W/o. ചാത്തൻ, തറക്കൽ ഹൌസ്, ചെമ്മന്തിട്ട | 40,000/- | 16/2019-20 Dt. 12.12.2019 |
| | | 1,60,000/- | Ch.No.201374 Dt.28.07.2020 |
| | | 40,000/- | 12/2020-21 Dt.21.10.2020 |
| | | 40,000/- | Ch.No.201381 Dt.13.11.2020 |
| 6 | ഉഷ, D/o.കുഞ്ഞൻ, അമ്പലക്കൽ ഹൌസ്, കൽക്കുളം. | 40,000/- | 06/2020-21 Dt. 26.06.2020 |
| 7 | സുശീല, D/o. നാടി, വളക്കട ഹൌസ്, ചീനിക്കുന്ന്, കാരപ്പുറം. | 40,000/- | 11/2020-21 Dt.12.10.2020 |
| | | 1,60,000/- | Ch.No.201387 Dt.25.03.2021 |

ഇതിൽ ശ്രീമതി.ഉഷ, D/o.കുഞ്ഞൻ, അമ്പലക്കൽ ഹൌസ്, കൽക്കുളം എന്നവർ 26.06.2020 ന് 40,000/- രൂപ അഡ്വാൻസ് കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി വരെ ഭവന നിർമ്മാണം ആരംഭിക്കുക പോലും ചെയ്തിട്ടില്ല. ആയതിനും ഭവന നിർമാണം പൂർത്തീകരിക്കാത്തവയ്ക്കും കാരണം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 07/17.06.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-20 പന്നി, പട്ടി എന്നിവയെ വളർത്തുന്നതിനുള്ള ലൈസൻസ് - അപാകതകൾ

1998 ലെ കേരള പഞ്ചായത്ത് രാജ് ( പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും യാതൊരാളും ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നിശ്ചിത തിയതി മുതൽ പട്ടികളേയോ പന്നികളേയോ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ലെന്ന് ഒരു ഗ്രാമ പഞ്ചായത്തിന് പ്രമേയം മൂലം നിശ്ചയിക്കാവുന്നതാണ്.

ഗ്രാമ പഞ്ചായത്ത് തീരുമാനമെടുത്തു കഴിഞ്ഞാൽ അതിൽ പറയുന്ന തിയതിക്കുമുമ്പായി ഏതൊരാളും അങ്ങനെയുള്ള മൃഗത്തെ വളർത്തുന്നതിനും കൈവശം വയ്ക്കുന്നതിനുമുള്ള ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസിനായി അതിന്റെ പ്രായം , നിറം, ഇനം മുതലായ വിവരങ്ങൾ കാണിച്ചുകൊണ്ട് 10/- രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. അപേക്ഷയോടൊപ്പം പേപ്പട്ടി വിഷബാധക്കെതിരെ അതിന് പ്രതിരോധ കുത്തിവെപ്പ് നടത്തിയിട്ടുണ്ടെന്ന് ഒരു മൃഗഡോക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റ് കൂടി അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. ലൈസൻസ് നൽകുന്നതോടൊപ്പം അതിന്റെ സൂചനക്കായി മുദ്രണം ചെയ്ത ഒരു മെറ്റൽ ടോക്കൺ സെക്രട്ടറി മൃഗത്തിന്റെ ഉടമസ്ഥന് നൽകേണ്ടതും അയാളത് മൃഗത്തിന്റെ കഴുത്തിൽ കെട്ടി സൂക്ഷിക്കേണ്ടതുമാണ്. ലൈസൻസിന്റെ കാലാവധി അതത് സാമ്പത്തിക വർഷാവസാനം വരെ ആയിരിക്കുന്നതും കാലാവധി അവസാനിക്കുന്നതിനുമുമ്പ് അടുത്ത സാമ്പത്തിക വർഷത്തേക്ക് 10/- രൂപ സഹിതം അപേക്ഷിച്ച് ലൈസൻസ് പുതുക്കി വാങ്ങേണ്ടതുമാണ്.

ലൈസൻസ് ഇല്ലാതെയോ ലൈസൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ അലഞ്ഞുതിരിയാൻ അനുവദിച്ചുകൊണ്ടോ

ഒരു പട്ടിയേയോ പന്നിയേയോ വളർത്തുന്ന ഏതൊരാൾക്കും കുറ്റസ്ഥാപനത്തിൻമേൽ 250/- രൂപ വരെ പിഴ ശിക്ഷ ചുമത്താവുന്നതുമാണ്.

ഗ്രാമ പഞ്ചായത്ത് സൂക്ഷിച്ചിട്ടുള്ള ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 വർഷത്തിൽ ലൈസൻസിനായി 11 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. അതുവഴി ഈ ഇനത്തിലെ വരവ് 110 രൂപയുമാണ് (11X10).
എന്നാൽ 2020-21 വർഷത്തിൽ വെറ്ററിനറി സർജൻ നടപ്പിലാക്കിയ പേവിഷ ബാധ നിയന്ത്രണ പദ്ധതി (പ്രൊജക്ട് നം.63/21) യുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽവെച്ച് 22.02.2021, 23.02.2021, 24.02.2021, 25.02.2021, 27.02.2021, 01.03.2021 എന്നീ തിയ്യതികളിലായി 300 വളർത്തുനായകൾക്ക് 18,019/- രൂപ ചെലവഴിച്ച് പേവിഷ ബാധക്കെതിരെയുള്ള പ്രതിരോധ കുത്തിവെപ്പ് നൽകിയിട്ടുണ്ട്.

പഞ്ചായത്തിൽ നിന്നും ലൈസൻസ് നേടാതെ അനധികൃതമായി നായ/ പട്ടി എന്നിവയെ വളർത്തുന്നവർക്കെതിരെ ചട്ടങ്ങൾ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 8/17.06.2022 മറുപടി ലഭിച്ചില്ല.)

## 1-21 ഐ.സി.ഡി.എസ്-സ്റ്റോക്ക് രജിസ്റ്റർ , വിതരണ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം കേരള ആർടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്ന് വാങ്ങിയ ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | ചെലവ് | ഇൻവോയ്സ് വിവരം | റിമാർക്സ് |
|---|---|---|---|
| വാർഡുതല ജാഗ്രതാ സമിതി ഓഫീസിലേക്ക് ഫർണിച്ചർ (SO-239/21) | 100000/-(വികസന ഫണ്ട് ജനറൽ)<br>ബി.നം. 1/20-21/ 15.05.2020 | NRO/SALES /343/26.12.2019-23241/-<br>Fibre Chair With Armed- 50 Nos<br>NRO/SALES /513/06.02.2020-76759/-<br>Fibre Chair With Armed- 100 Nos<br>Steel Table- 5 Nos | സ്റ്റോക്കിലെടുത്തിട്ടില്ല. ഫയലിൽ വാർഡുതല ജാഗ്രതാ സമിതി ഓഫീസിലേക്ക് ഫർണിച്ചർ വിതരണം ചെയ്തത് എന്നതിൽ 15 വാർഡുകളിലേക്ക് 10 കസേരകൾ വീതം ആകെ 150 കസേരകളും നൽകിയതായും 1, 4, 8, 10, 12, 15 എന്നീ വാർഡുകളിലേക്ക് മേശകൾ (6എണ്ണം) വിതരണം ചെയ്തതായും ചേർത്തിരിക്കുന്നു. എന്നാൽ ആയവ വാർഡുതല ജാഗ്രതാ സമിതി കൺവീനർ കൈപ്പറ്റിയതായി ഒപ്പുവെച്ചിട്ടില്ല. 5മേശകളാണ് വാങ്ങിയത്. എന്നാൽ 6എണ്ണം വിതരണം ചെയ്തതായി എഴുതിയിരിക്കുന്നു. |
| ജെന്റർ | 30632/- (വികസന | NRO/SALES | സ്റ്റോക്കിലെടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| കോർണറിലേക്ക് ഫർണിച്ചർ, പുസ്തകങ്ങൾ (240/21) | ഫണ്ട് ജനറൽ) ബി.നം.2/20-21/ 15.05.2020 | /344/26.12.2019- 25900/- Fibre Chair With Armed- 50 Nos NRO/SALES /512/06.02.2020- 4732/- Steel Table- 1 Nos | വിതരണ രേഖ ഇല്ല. |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ - 11/17-06-2022 മറുപടി ലഭിച്ചില്ല.)

## 1-22 മുൻകൂർ ക്രമീകരിച്ചില്ല

വൗച്ചർ നം. 22000400/31.03.21 പ്രകാരം 26,800 രൂപ സുജാത സി പ്രേരക് മൂത്തേടം തുടർ വിദ്യാകേന്ദ്രത്തിന് 2020 ഡിസംബർ 2021ജനവരി ,ഫെബ്രുവരി മാസങ്ങളിലെ വേതനം ഇനത്തിൽ തനത് ഫണ്ടിൽ നിന്നും സെക്രട്ടറി മുഖേനെ താൽക്കാലികമായി നൽകിയിട്ടുണ്ട്. തുക ക്രമീകരിച്ച് വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.വിവരം അഡ്വാൻസ് രജിസ്റ്ററിലും ചേർത്തിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം . 12/18.06.22 )

## 1-23 'പകൽ വീട് 'ഒഴിഞ്ഞു കിടക്കുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്റ്റ് നം. 244/21 പ്രകാരം പകൽവീട്ടിലേക്ക് ഉപകരണങ്ങൾ പദ്ധതി പ്രകാരം 1,00,470 രൂപ (പ്ലാൻ ഫണ്ട്- ടി ആർ എൻ നം.20150000000003466/05.10.2020)വിനിയോഗിച്ച് കേരള ആർട്ടിസാൻ കോർപ്പറേഷൻ മുഖേന ഡൈനിംഗ് ടേബിൾ(3 എണ്ണം) , ബെഞ്ച് വിത്ത് ബാക്ക് റെസ്റ്റ്(3 എണ്ണം) , സ്റ്റീൽ ടേബിൾ, സ്റ്റീൽ അലമാര(ഒന്ന് വീതം) , ഫൈബർ ചെയർ (70 എണ്ണം), സ്റ്റീൽ പ്ലേറ്റ്(100എണ്ണം) ,സ്റ്റീൽ ഗ്ലാസ്(100എണ്ണം) , സ്റ്റീൽ കോട്ട് (3 എണ്ണം)എന്നിവ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ പരിശോധിച്ചതിൽ തൻവർഷം കോവിഡ് സെന്ററായി പ്രവർത്തിച്ചതൊഴിച്ചാൽ പിന്നീട് 'പകൽ വീട്' ആവശ്യത്തിന് കെട്ടിടം ഉപയോഗിക്കുന്നില്ലെന്ന് കണ്ടെത്തി . കെട്ടിടവും സാമഗ്രികളും ഉപയോഗപ്പെടുത്താതിരിക്കുന്നതിന് കാരണം വ്യക്തമല്ല.കെട്ടിടവും സാമഗ്രികളും ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം .13/18.06.22)

## 1-24 വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി മുഖേന താഴെ പറയും പ്രകാരം ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമനം | ബിൽ നം./തീയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | വൗച്ചർ നം./തീയ്യതി - 22000371/26.03.21 (തനത്ഫണ്ട്) | 8140 | ജില്ലാ ഓഫീസ് ഭൂജല വകുപ്പ് മലപ്പുറത്തിന് വിവിധ ഇടങ്ങളിൽ കുഴൽകിണറുകൾ കുഴിക്കുന്നതിന് ഫീസിബിലിറ്റി സാക്ഷ്യപത്രം ലഭിക്കുന്നതിന് നൽകിയ തുക -ഫീസിബിലിറ്റി സാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം |
| 2 | ടി ആർ എൻ നം. 20150000000007096/19.03.21 (ധനകാര്യകമ്മീഷൻ അവാർഡ്) | 43,782 | പാലക്കുന്ന് കുടിവെള്ളപദ്ധതി വൈദ്യുതീകരണം പദ്ധതിക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, നിലമ്പൂരിന് നൽകിയ തുക |

| | | | |
|---|---|---|---|
| | | | (ഡെപ്പോസിറ്റ് പ്രവൃത്തി)<br>- പ്രവൃത്തിക്കായി ഉടമ്പടിവെച്ചതിന്റെ വിവരം<br>- പൂർത്തീകരണ വിവരം |

വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം . 14/18.06.22 )

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പുതുവായ് കാട്ടില്ല റോഡ് പുനരുദ്ധാരണം (209/21)- തെറ്റായി മൂല്യ നിർണ്ണയം നടത്തി- 4978/-രൂപയുടെ അധിക ചെലവ്.

എസ്റ്റിമേറ്റ് പ്രകാരം 0.80mm കനത്തിലുള്ള Concrete Block Pavements ഉപയോഗിച്ച് റോഡ് ഇന്റർലോക്ക് ചെയ്യേണ്ട പ്രവൃത്തി 0.80mm -ന് പകരം 0.60mm കനത്തിലുള്ള Concrete Block Pavements ഉപയോഗിച്ചാണ് ചെയ്തിട്ടുള്ളത്. കൂടാതെ M Book -ൽ 0.80mm ഉപയോഗിച്ച് പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തി കരാറുകാരന് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റിന്റെ ഭാഗമായി പ്രവൃത്തിയുടെ സൈറ്റ് 15.06.2022/11 Am-ന് എൻജിനീയറിംഗ് വിഭാഗത്തിന്റെ സാന്നിധ്യത്തിൽ സംയുക്ത പരിശോധന നടത്തി. പരിശോധനയിൽ 0.80mm -ന് പകരം 0.60mm കനത്തിലുള്ള Concrete Block Pavements ഉപയോഗിച്ചാണ് റോഡ് ഇന്റർലോക്ക് ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെടുകയും, ആയത് എൻജിനീയറിംഗ് വിഭാഗം സാക്ഷ്യപ്പെടുത്തി നൽകുകയും ചെയ്തിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്റ്റ് | പുതുവായ് കാട്ടില്ല റോഡ് പുനരുദ്ധാരണം (209/21) |
| അടങ്കൽ/ ചെലവ് | 356579/352026 |
| ടി എസ് | LSGD/TS/23063/ 2019-20/11.02.2020(Revised Estimate) (Cl 31.06%) |
| കരാർ | 28/AE/2019-20/11.10.2019 (Below 20.33%) |
| എം ബുക്ക് | 93/2019-20 |
| കരാറുകാരൻ | Ali P |
| വൗച്ചർ | 54/2020-21/24.08.2020 |
| നൽകിയ തുക [ 0.80mm- കനത്തിലുള്ള Concrete Block Pavements (6.7.1 @ 775.39 പ്രകാരം)] | 42205/- [Ie 68.32 $M^2$* 775.39 (-20.33% TB)] |
| നൽകാവുന്ന തുക [0.0mm- കനത്തിലുള്ള Concrete Block Pavements (6.7.2 @ 693.73 പ്രകാരം)] | 37760/- [Ie 68.32 $M^2$* 693.73 (-20.33% TB)] |
| കരാറുകാരന് അധികം നൽകിയ തുക | 4978/- [Ie 4445 + 12% GST] |

കരാറുകാരന് അധികമായി നൽകിയ 4978/- രൂപ മൂല്യ നിർണ്ണയത്തിൽ വീഴ്ച്ച വരുത്തിയ അസി.എൻജിനീയർ നിന്നും ഈടാക്കേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറി നമ്പർ 3/15.06.2022- മറുപടി ലഭ്യമാക്കിയിട്ടില്ല]

## 3-2 കൺവീനർക്ക് അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി- 34683/-രൂപയുടെ അധിക ചെലവ്.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ, GST നിലവിൽ വന്നശേഷം വാറ്റ് ഒടുക്കേണ്ടതില്ലാത്തതിനാൽ ബിൽ തുക നൽകുമ്പോൾ എസ്റ്റിമേറ്റിൽ ഓവർഹെഡ് ചാർജ്ജ് ഇനത്തിൽ ഉൾപ്പെടുത്തിയ 7.5 ശതമാനത്തിൽ നിന്നും 5% തുക കുറവ് ചെയ്യേണ്ടതാണ് എന്ന് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ 16.03.2018 തിയ്യതിയിലെ ഡി.ബി3-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ജി.എസ്.ടി അടവാക്കുന്നതിനുള്ള 12% തുക മൂല്യ നിർണ്ണയതുകയോട് കൂട്ടി നൽകുകയും (GST Compensation) ചെയ്തിട്ടുണ്ട്. ആയതിനാൽ ഓവർഹെഡ് ചാർജ്ജിൽ നിന്നും 5% കുറവ് ചെയ്താണ് ബിൽ നൽകേണ്ടിയിരുന്നത്. ആയത് കുറവ് വരുത്താതെ ക്രമ വിരുദ്ധമായി ബിൽ തുക അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം 34683/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

1. പ്രൊജക്ട്: കാരപ്പുറം അംഗണവാടി ചുറ്റുമതിൽ പൂർത്തീകരണം (194/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 662000/653113 [NR] |
| ടി എസ് | LSGD/TS/2019-20/97639 (CI 31.06%) |
| കരാർ | 103/AE/LSGD/MTDM/2019-20/12.03.2020 |
| എം ബുക്ക് | 116/19-20 |
| കൺവീനർ | Pathumma |
| വൗച്ചർ | 84/20-21/03.09.2020 |
| അധിക ചെലവിന്റെ വിവരം | |
| നൽകിയ തുക [Extra ഇനത്തിന് നൽകിയ 15%-ൽ നിന്നും 7.5% കുറവ് ചെയ്ത്] | 646331/- |
| നൽകാവുന്ന തുക [5% കുറവ് ചെയ്ത്] | 616269/- [Ie, 646331*5/107.5] |
| അധികം | 30062/- |

അധികം നൽകിയ തുക ഉത്തരവാദിയായ വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്.

2. പ്രൊജക്ട്: ചോളമുണ്ട അംഗണവാടി ചുറ്റുമതിൽ പൂർത്തീകരണവും അനുബന്ധ പ്രവൃത്തികളും (228/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 100000/99345 [NR] |
| ടി എസ് | LSGD/TS/2019-20/97653 (CI 31.06%) |
| കരാർ | 83/AE/LSGD/MTDM/2019-20/15.02.2020 |
| എം ബുക്ക് | 110/19-20 |
| കൺവീനർ | Fathima |
| വൗച്ചർ | 02/20-21/07.04.2020 |
| അധിക ചെലവിന്റെ വിവരം | |
| നൽകിയ തുക | 99345/- |
| നൽകാവുന്ന തുക [5% കുറവ് ചെയ്ത്] | 94724/- [Ie, 99345*5/107.5] |
| അധികം | 4621/- |

അധികം നൽകിയ തുക 34683/- രൂപ ബിൽ നിന്നും 5% കുറവ് ചെയ്യുന്നതിൽ വീഴ്ച്ച വരുത്തിയ അസി. എൻജിനീയറുടെ ബാധ്യതയായി കണക്കാക്കുന്നു. തുക ഈടാക്കേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറി നമ്പർ 6/17.06.2022- മറുപടി ലഭ്യമാക്കിയിട്ടില്ല]

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നമ്പർ/തീയതി. |
|---|---|---|
| 2020-21 | 14.06.2022 മുതൽ 15.06.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 520000 | ലൈഫ് ST -26/21 | 520000 | 0 |
| ജില്ലാ പഞ്ചായത്ത് | 300000 | പാലിന് സബ്സിഡി-61/21 | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 360000 | ലൈഫ് SC-16/21 | 360000 | 0 |
| ജില്ലാ പഞ്ചായത്ത് | 4555000 | ലൈഫ് ജനറൽ -11/21 | 4555000 | 0 |
| ജില്ലാ പഞ്ചായത്ത് | 300000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-47/21 | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 160516 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-47/21 | 160516 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 213500 | സമഗ്ര നെൽകൃഷി വികസനം -3/21 | 213500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 170000 | പച്ചക്കറി കൃഷിക്ക് കൂലി ചെലവ്-203/21 | 170000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | പാലക്കുന്ന് കുടിവെള്ള പദ്ധതി വൈദ്യുതീകരണം 285/21 | 21900891/16.03.2021 | 43782 | 0 | പ്രവൃത്തിപൂർത്തീകരിച്ചിട്ടില്ല | 43782 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ | ഉത്തരവ് | തൻവർഷം ലഭിച്ച വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം |
|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/തിയ്യതി | തുക | ബാക്കിയുണ്ടായിരുന്ന തുക | | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | - | 8360000 | 30675882 | 3089215 | 0 | 35946667 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 04/97 - 03/00 10/01 - 03/02 | 45 | 2003-04 | 3.10.6.1 | അഗ്രോ സർവ്വീസ് സെന്റർ പ്രവർത്തിക്കുന്നില്ല. | നടപടി തുടരുന്നു. |
| 04/97 - 03/00 10/01 - 03/02 | 67 | 2003-04 | 3.10.6.2(1) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 04/97 - 03/00 10/01 - 03/02 | 68 | 2003-04 | 3.10.6.2(2) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 04/97 - 03/00 10/01 - 03/02 | 71 | 2003-04 | 3.10.6.2(3) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 04/97 - 03/00 10/01 - 03/02 | 72 | 2003-04 | 3.10.6.2(4) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 04/97 - 03/00 10/01 - 03/02 | 73 | 2003-04 | 3.10.6.2(5) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 04/97 - 03/00 10/01 - 03/02 | 75 | 2003-04 | 3.10.6.2(6) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 04/97 - 03/00 10/01 - 03/02 | 77 | 2003-04 | 3.10.6.2(7) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 2014-15 | 2-7<br>2-2 | 2016-17 | അനുബന്ധം-3<br>അനുബന്ധം-4 | വസ്തു നികുതി<br>തൊഴിൽ നികുതി | നടപടി ആരംഭിച്ചിട്ടില്ല |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 2000-01 | 5(1) To 5(10), 18, 20 | ശ്രീ.ഇ.എം.തോമസ്, സെക്രട്ടറി | LF 13938/Spl.Cell /SC5/04 Dt. 10.10.2005 | 118692 | 600/- രൂപ അടച്ചു. ബാക്കി 1,18,092/- രൂപ. |
| 2 | 2000-01 | 21, 22 | ശ്രീ.വേലായുധൻ | LF 13938/Spl.Cell /SC5/04 Dt. 10.10.2005 | 44958 | 33,387/- രൂപ അടച്ചു. ബാക്കി 11,571/- രൂപ. |
| 3 | 2007-08 To 2009-10 | 3-27(4) | ശ്രീ.എം.ജി.രാമചന്ദ്രൻ | LF 7342/Sp.Cell /SC/D1/13 Dt. 06.07.2015 | 19500 | തുക പൂർണ്ണമായും അടവാക്കി. |
| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പറും തിയതിയും | തുക | ഇപ്പോഴത്തെ അവസ്ഥ |
| 1 | 2000-01 | 7(4),8 | ശ്രീ.ഇ.എം.പ്രകാശൻ | LF 13938/Sp.Cell /SC5/04 Dt. 10.10.2015 | 2029 | 84/- രൂപ അടച്ചു. (11302100650/07.06.2013) |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 96454936 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89934286 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 39661 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-1 | | 4978 | ശ്രീ. റാസിഫ് എം, അസി. എൻജിനീയർ |

| | | | |
|---|---|---|---|
| 3-2 | | 34683 | ശ്രീ. റാസിഫ് എം, അസി. എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.റാസിഫ്.എം, അസിസ്റ്റന്റ് എഞ്ചിനിയർ | അസി.എഞ്ചിനീയർ, നെടുമ്പറം ഗ്രാമ പഞ്ചായത്ത് | അൽ നഫീസ്, കിഴക്കേപ്പുറം.പി.ഒ, അയിരൂർ, വർക്കല, തിരുവനന്തപുരം ജില്ല, 695310 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | KSAMPM.5/1085/18 തി.06.08.2018 | 7 |
| 2002-03 | KSAMPM.5/1085/2018തി.06.08.2018 | 5 |
| 2003-04 | KSAMPM.5/1085/2018തി.06.08.2018 | 13 |
| 2004-05 | KSAMPM.5/1085/2018തി.06.08.2018 | 9 |
| 2005-06 | KSAMPM.5/3005/16 തി.09.03.18 | 8 |
| 2006-07 | KSAMPM.5/2175/11 തി.03.05.12 | 16 |
| 2007-10 | എൽ.എഫ്.എം.5/1626/12 തി.20.07.2012 | 38 |
| 2010-11 | എൽ.എഫ്.എം.5/1516/2013 തി:24.08.2013 | 10 |
| 2011-13 | എൽ.എഫ്.എം.5/260/15 തി:16.07.2015 | 13 |
| 2013-14 | കെ.എസ്.എ.എം.പി.എം .5/637/15 തി.02.11.15 | 13 |
| 2014-15 | കെ.എസ്.എ.എം.പി.എം .5/759/16 തി.12.06.17 | 7 |
| 2015-16 | കെ.എസ്.എ.എം.പി.എം.5/3005/16 തി.25.11.16 | 17 |
| 2016-17 | കെ.എസ്.എ.എം.പി.എം ..5/1821/17 തി.19.08.17 | 19 |
| 2017-18 | കെ.എസ്.എ.എം.പി.എം .5/216/19 തി.11.02.19 | 14 |
| 2018-19 | കെ.എസ്.എ.എം.പി.എം ..5/440/2020 തി.14.09.2020 | 4 |
| 2019-20 | കെ.എസ്.എ.എം.പി.എം .5/823/2022 തി.14.06.2022 | 21 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.6/2022

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്